**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

---

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതു സ്ഥലംമാറ്റം 2025- നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.സ.ഉ(പി)നം:03/2017/ഉ.ഭ.പ.വ തീയതി:25.02.2017
2.സ.ഉ(സാധാ)നം:729/2025/ആ.കു.വ തീയതി:11.03.2025
3.ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നം:** DHS/9634/2025-EE2 **തീയതി:** 29-04-2025

---

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2025 ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ(SPARK) മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.അപ്രകാരം നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ജീവനക്കാർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

| SL. NO | PEN | NAME | OFFICE TRANSFERRED FROM | OFFICE TRANSFERRED TO | PROTECTION IF ANY |
|---|---|---|---|---|---|
| 1 | 329635 | Sindhukumari G | School of Nursing for SC/ST Kollam | JPHN Training. Centre TVM | |
| 2 | 391345 | Sindhumole P | School of Nursing Kollam | JPHN Training. Centre TVM | |
| 3 | 391766 | Hena J | School of Nursing Pathanamthitta | School of Nursing for SC/ST Kollam | |
| 4 | 269710 | Sreekumari T | School of Nursing Pathanamthitta | School of Nursing Kollam | |
| 5 | 185834 | Archana.G.N | JPHN Training. Centre TVM | School of Nursing for SC/ST Kollam | |
| 6 | 875232 | Aranya.N.G | School of Nursing for SC/ST Kollam | School of Nursing Pathanamthitta | |
| 7 | 728633 | Meenamol.B.S | JPHN Training. Centre TVM | School of Nursing Pathanamthitta | |

കരട് പട്ടികയിന്മേൽ ആക്ഷേപം/പരാതി ഉള്ള ജീവനക്കാർ അപ്പീൽ തയ്യാറാക്കി സ്ഥാപന മേധാവി മുഖാന്തിരം അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 06.05.2025 നു വൈകുന്നേരം 5 മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്.ജില്ലാ മെഡിക്കൽ ഓഫീസർമാർ അപ്പീൽ പരിശോധിച്ച്

അഭിപ്രായക്കുറിപ്പ് സഹിതം 08.05.2025 ന വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ഈ കാര്യാലയത്തിൽ(ഇ-ഓഫീസ് മുഖാന്തിരം) ലഭ്യമാക്കേണ്ടതാണ്.നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നതല്ല.

പരാമർശം (1) ഉത്തരവിൽ പറഞ്ഞിരിക്കുന്ന പരിഗണനകൾ സംബന്ധിച്ചും,ഗുരുതരമായ രോഗങ്ങൾ, മറ്റ് അനുകമ്പാർഹമായ സാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷകൾക്കൊപ്പം ആയത് തെളിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ/സാക്ഷ്യപത്രങ്ങൾ(മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/മൂന്നു മാസത്തനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ) എന്നിവ ഹാജരാക്കേണ്ടതാണ്.

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ അപ്പീലുകൾ യഥാസമയം സമർപ്പിക്കാത്തതുകാരണം അന്തിമ പട്ടികയിൽ നിന്നും എതെങ്കിലും ജീവനക്കാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Signed by
Reena K J
Date: 29-04-2025 17:22:43

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1.ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കും
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4.ഫയൽ/കരുതൽ ഫയൽ